Malayala Manorama

17 August 2018

Kakkanad:Flood relief

ഇടപ്പള്ളി തോടും കരകവിയുന്നു; കാക്കനാട്ട് ദുരിതാശ്വാസ ക്യാംപ്

കാക്കനാട് • ഇടപ്പള്ളി തോട് കവിഞ്ഞൊഴുകിതുടങ്ങിയതോടെ തൃക്കാക്കര മേഖലയിലും വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാംപുകൾ തുറന്നു.

മരോട്ടിച്ചോടിനു സമീപം ബിഎം നഗർ, ശാന്തി നഗർ എന്നിവിടങ്ങളിലെ അൻപതോളം വീടുകളിൽ വെള്ളം കയറി. 34 കുടുംബങ്ങളെ കെന്നഡിമുക്ക് സെന്റ് ജോർജ് മിനി പാരിഷ് ഹാളിലെ ദുരിതാശ്വാസ ക്യാംപിലേക്കു മാറ്റി.

അവശേഷിക്കുന്ന കുടുംബങ്ങൾ ബന്ധു ഗൃഹങ്ങളിലേക്കു താമസം മാറ്റി. സിവിൻലൈൻ റോഡ് ചെമ്പുമുക്ക് ഭാഗത്ത് ഇടപ്പള്ളി തോടിനു കുറുകെയാണു കടന്നുപോകുന്നത്. പരുത്തേലി, മുലേപ്പാടം, പാലച്ചുവട്, വെണ്ണല പ്രദേശങ്ങളും ഇടപ്പള്ളി തോടിനു ചേർന്നാണു കിടക്കുന്നത്. കലക്ടറേറ്റിനു സമീപം കീരേലിമല ഇരുപത്തിയൊന്നു കോളനിയിലെ 13 കുടുംബങ്ങളെ മണ്ണിടിച്ചിൽ ഭീഷണിയെ തുടർന്നു മുനിസിപ്പൽ എൽപി സ്കൂളിലെ ദുരിതാശ്വാസ ക്യാംപിലേക്കു മാറ്റി.

തൃതിയൂരിലെ 32 കുടുംബങ്ങളെ വെള്ളപ്പൊക്ക ഭീഷണിയെ തുടർന്നു സെന്റ് മേരീസ് എൽപി സ്കൂളിലെ ക്യാംപിലേക്കു മാറ്റി.

കാക്കനാട്, വാഴക്കാല വില്ലേജുകളിൽ കൂടുതൽ ദുരിതാശ്വാസ ക്യാംപുകൾ തുറക്കേണ്ടിവന്നാൽ കെട്ടിടങ്ങൾ സജ്ജമാണെന്നു വില്ലേജ് ഓഫിസർമാർ പറഞ്ഞു.